**പതിനാലാം കേരളനിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1746** **14.08.2017-ൽ മറുപടിക്ക്**

| **പോലീസ് സ്റ്റേഷനിലും പരിസരങ്ങളിലുമായി കിടക്കുന്ന വാഹനങ്ങൾ** | | | |
|---|---|---|---|
| ചോദ്യം<br>ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീമതി. സി.കെ. ആശ | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | പോലീസ് സ്റ്റേഷനുകളിലും പരിസരങ്ങളിലുമായി വാഹനങ്ങൾ കിടന്ന് തുരുമ്പെടുത്ത് നശിക്കുന്നത് വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | കേസിന്റെ തീർപ്പുണ്ടാകുന്നതു വരെ വാഹനങ്ങൾ പിടിച്ചിട്ടിരിക്കുന്നതു മൂലം അവയ്ക്ക് നാശം സംഭവിക്കുകയും തന്മൂലം കോടിക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടാകുകയും ചെയ്യുമെന്നത് പരിഗണിച്ച് ഈ സ്ഥിതി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി)<br>&<br>(സി) | കോടതി കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾ കേസ്സുകളുടെ നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ ലേലം ചെയ്ത് വിൽക്കുന്നതിന് തടസ്സമുണ്ട്. പോലീസ് സ്റ്റേഷൻ പരിസരത്ത് അനാവശ്യമായി സൂക്ഷിച്ചിരിക്കുന്ന തൊണ്ടിമുതലായ വാഹനങ്ങൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവി 23/2013 നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കുവാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്.<br>കൂടാതെ പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും മറ്റും സൂക്ഷിച്ചിരിക്കുന്ന അവകാശികളില്ലാത്തതും കണ്ടുകെട്ടിയതുമായ വാഹനങ്ങൾ 15.12.2014 തീയതിയിലെ 550/14/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എം.എസ്.ടി.സി. ലിമിറ്റഡിന്റെ വെബ്സൈറ്റ് മുഖേന ഇ-ലേലം നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർ തങ്ങളുടെ അധികാര പരിധിയിൽപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ സന്ദർശനം നടത്തുന്നതിനും വ്യക്തിപരമായ ശ്രദ്ധ ചെലുത്തി പോലീസ് സ്റ്റേഷൻ |
| (സി) | കേസിന്റെ തീർപ്പുണ്ടാകുന്നതുവരെ, പ്രസ്തുത വാഹനങ്ങൾ ഉപയോഗപ്പെടുത്തി സർക്കാരിന് വരുമാനമുണ്ടാക്കാവുന്നതും എന്നാൽ വാഹനങ്ങൾ പരിപാലിക്കപ്പെടുന്നതുമായ ബദൽമാർഗ്ഗങ്ങൾ ആലോചിക്കുമോ എന്നറിയിക്കാമോ? | | |

പരിസരങ്ങളിലും മറ്റും കൂട്ടിയിട്ടിരിക്കുന്ന വാഹനങ്ങൾ തീർപ്പാക്കുന്നതിലേക്കായി നടപടികൾ സ്വീകരിക്കുന്നതിനും തീർപ്പാക്കാൻ സാധിക്കാത്ത വാഹനങ്ങൾ പ്രത്യേക സ്ഥലങ്ങളിൽ മാറ്റി സൂക്ഷിക്കുന്നതിനും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും, എല്ലാ സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

അനാവശ്യമായി വാഹനങ്ങൾ കസ്റ്റഡിയിൽ എടുക്കുന്ന പ്രവണത ഒഴിവാക്കുന്നതിനും വാഹനങ്ങൾ തീർപ്പാക്കുന്നതിൽ നിലവിലെ വ്യവസ്ഥയിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നതിനോ, പുതിയ വ്യവസ്ഥ രൂപപ്പെടുത്തുന്നതിനോ നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ ആയത് അറിയിക്കുന്നതിനും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ പെറ്റി കേസുകളിൽ വാഹനങ്ങൾ പിടിച്ചെടുത്ത് അനാവശ്യമായി കസ്റ്റഡിയിൽ സൂക്ഷിച്ച് വാഹന ഉടമകൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത പ്രവൃത്തി മൂലം വാഹന ഉടമകൾക്ക് ഉണ്ടാകുന്ന പ്രയാസങ്ങളും, കൂടാതെ പോലീസ് സ്റ്റേഷൻ പരിസരത്തും റോഡ് വക്കിലും വാഹനങ്ങൾ സൂക്ഷിക്കുന്നതുമൂലം ഉണ്ടാകുന്ന മാർഗ്ഗ തടസ്സങ്ങളും, പെറ്റി കേസ്സുകളിലും വാഹന അപകട കേസ്സുകളിലും ബന്തവസ്സിൽ എടുക്കുന്ന വാഹനങ്ങൾ വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന കാലതാമസവും പരാതിയും ഒഴിവാക്കുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ 31.01.2017 തീയതിയിലെ 07/2017 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും, പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇക്കാര്യത്തിൽ ശാശ്വതപരിഹാരം ഉണ്ടാക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് ആലോചിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ